സ്റ്റേഷൻ മാസ്റ്റർ ആഫീസ്	
1. കുളത്തൂപ്പുഴ	പുനലൂർ
2. തലശ്ശേരി	തലശ്ശേരി
3. വടക്കാഞ്ചേരി	ആലത്തൂർ
4. കുമിളി	പീരുമേട്
5. വെമ്പായം	നെടുമങ്ങാട്
6. കുറവിലങ്ങാട്	കടുത്തുരുത്തി
7. വെഞ്ഞാറമൂട്	വാമനപുരം
8. അമ്പലപ്പുഴ	അമ്പലപ്പുഴ

കൊച്ചി നഗരത്തിൽ മെട്രോ റെയിൽവേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ

90 (1145) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊച്ചി നഗരത്തിൽ മെട്രോ റെയിൽവേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് :

(ബി) ഇതിന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) അവരുമായി പണിയെ സംബന്ധിക്കുന്ന മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പിട്ടുവോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ, ബി, സി & ഡി) ഇതിന്റെ സാദ്ധ്യതാ പഠനത്തിനായി സർക്കാർ അംഗീകാരം നൽകിയ ഏജൻസി ആവശ്യപ്പെട്ട ഫീസിന്റെ സാധുകരണം വിശകലനം ചെയ്ത് കൊണ്ടുള്ള ഒരു റിപ്പോർട്ട് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. സാദ്ധ്യതാപഠനം ആർ.ഐ.ടി.ഇ.എസ്. എന്ന് സ്ഥാപനത്തെ ഏൽപിക്കാൻ തീരുമാനമായെങ്കിലും എന്ത് തുകയ്ക്ക് പ്രസ്തുത സ്ഥാപനത്തെക്കൊണ്ട് ഈ ജോലി ചെയ്യിക്കണമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. തുകയെന്തെന്ന് തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly